# Bible Week 2020

പ്രിയ ബഹുമാന വൈദികരേ, സഹോദരീസഹോദരന്മാരേ,

## "Listen to what the Holy Spirit is saying"

''പരിശുദ്ധാത്മാവ് മന്ത്രിക്കുന്നതെന്തെന്നു വിവേചിച്ചറിയുക''

ഓസ്ട്രേലിയായിലെ കത്തോലിക്കാ സഭയിൽ 2020 ൽ നടക്കുന്ന പ്ലീനറി കൗൺസിലിന്റെ പശ്ചാത്തലത്തിലാണ് ബൈബിൾ വാരം ഈ നോമ്പുകാലാരംഭത്തിൽ നാം ആചരിക്കുന്നത്. പ്ലീനറി കൗൺസിലിനു ഒരുക്കമായി നിർദ്ദേശിച്ചിട്ടുള്ള പ്രമേയം ''പരിശുദ്ധാത്മാവ് മന്ത്രിക്കുന്നതെന്തെന്നു വിവേചിച്ചറിയുക'' എന്നതാണ്.

ആദിമക്രൈസ്തവ സമൂഹം അവലംബിച്ച പ്രവർത്തനശൈലിയാണിത്. ഈശോ അറിയിച്ചതനുസരിച്ചു ശിഷ്യന്മാർ ജെറുസലേമിൽ തന്നെ താമസിച്ച്. പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ വേണ്ടി (അപ്പ 1:4–5)

പന്തക്കുസ്താദിനത്തിലാണ് അത് സംഭവിച്ചത്. അപ്പ്സ്തോലന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. കൊടുങ്കാറ്റ് അടിക്കുന്നതുപോലുള്ള ശബ്ദവും അഗ്നിജ്വാലകൾ പോലുള്ള നാവുകളും അതിനു അകമ്പടിയായി (അപ്പ 2:6). അതിന്റെ ഫലമോ, ഭാഷണവരങ്ങളും. ജെറുസലേമിൽ ഒന്നിച്ചു കൂടിയിരുന്ന ഭക്തരായ യഹൂദർക്ക് അപ്പസ്തോലന്മാർ സംസാരിച്ചത് അവരുടെ ഭാഷകളിൽ മനസ്സിലായി (അപ്പ 2:6). അതൊരു തുടക്കമായിരുന്നു. പരിശുദ്ധാത്മാവ് നടത്തുന്ന ജൈത്രയാത്രയുടെ തുടക്കം.

ആരംഭത്തിൽ പത്രോസും യോഹന്നാനും, തുടർന്ന് മറ്റു ശിഷ്യന്മാരും പരിശുദ്ധാത്മാവ് നല്കിയ പ്രചോദനമുൾക്കൊണ്ട് പ്രഘോഷിക്കുവാൻ തുടങ്ങി; ഭാഷണവരങ്ങളും രോഗശാന്തിവരവും ശ്ലീഹന്മാർ വഴി അനേകർക്ക് അനുഭവമായി.

ഗലീലിയക്കാരനായ മുക്കുവൻ പത്രോസിന്റെ വാക്കുകൾക്ക് ജെറുസലേമിലെ യഹൂദസിരാകേന്ദ്രത്തെ തന്നെ വിറപ്പിക്കുവാനുള്ള ശക്തി, അവന്റെ കണ്ണുകളിലെ തിളക്കം കണ്ടു ശിരസ്സു നമിക്കുന്ന ആയിരങ്ങൾ, ഒരൊറ്റ ദിവസം തന്നെ മൂവായിരം പേർ (അപ്പ 2:41).

പരിശുദ്ധാത്മാവാണ് നേതൃസ്ഥാനത്തെന്നും, പരിശുദ്ധാത്മാവാണ് നിയന്ത്രണം ഏറ്റെടുത്തിട്ടുള്ളതെന്നും തിരിച്ചറിയുന്ന നിമിഷം നമ്മുടെ

ജീവിതത്തിലും മാറ്റം വരുവാൻ തുടങ്ങുകയായി. ''ആത്മാവ് സഭകളോട് അരുൾ ചെയ്യുന്നത് ചെവി ഉള്ളവൻ കേൾക്കട്ടെ'' (വെളി 2:7,11, 29;3:6,13,22).

അനുഭവിക്കേണ്ടി വന്ന വീഴ്ചകൾക്കും കുറവുകൾക്കും കാരണമന്വേഷിച്ചു ചെല്ലുമ്പോൾ ചെന്നെത്തുക, പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനു കാത്തു നില്ക്കാതെ, സ്വാർത്ഥമതികളായി പ്രവർത്തിച്ചതിന്റെ ബലമാണ് അവ എന്നാണ്. സ്വന്തം കഴിവിലും സാമർത്ഥ്യത്തിലും മാത്രം ആശ്രയം വച്ച് നീങ്ങിയാൽ നമ്മുടെ കുടുംബങ്ങളിലും വ്യക്തിപരമായ ജീവിതത്തിലും അത് സംഭവിച്ചേക്കാം.

പരിശുദ്ധാത്മാവ് നല്കുന്ന നിമന്ത്രണം വിവേചിച്ചറിയാൻ നാം എന്താണു ചെയ്യേണ്ടത്?

ഒന്നാമതായി നാം ശാന്തമാകണം. 1 രാജാ 19-ാം അദ്ധ്യായത്തിൽ ഇങ്ങനെ വായിക്കുന്നു. കൊടുങ്കാറ്റിൽ കർത്താവു ഇല്ലായിരുന്നു... ഭൂകമ്പത്തിലും കർത്താവു ഇല്ലായിരുന്നു...അഗ്നിയിലും കർത്താവില്ലായിരുന്നു. അഗ്നി അടങ്ങിയപ്പോൾ ഒരു മൃദുസ്വരം കേട്ടു. അപ്പോൾ ഏലിയാ മേലങ്കി കൊണ്ടു മുഖം മറച്ചു. പുറത്തേക്കു വന്ന് ഗുഹാമുഖത്തു നിന്നു. അപ്പോൾ അവൻ കർത്താവിന്റെ സ്വരം കേട്ടു.

നാം എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. അതുകൊണ്ട് പരിശുദ്ധാവിന്റെ നിയന്ത്രണം നമുക്ക് വേണ്ടിയുള്ളതാണ്.

ബാഹ്യവും ആന്തരികവുമായ നിശബ്ദത(മൗനം) അതിനു അത്യാവശ്യാമാണ്. എല്ലാ ദിവസവും കുറച്ചു സമയം ബാഹ്യമായ നിശബ്ദത പാലിക്കാൻ ശ്രമിക്കണം. അത് ആന്തരികമായ നിശബ്ദതയിലേക്ക് നയിക്കും. അതൊരു ജീവിതശൈലിയായി മാറ്റിയെടുത്തവരാണ് വിശുദ്ധാത്മാക്കൾ. ഒരിക്കൽ ആന്തരികമൗനം രുചിച്ചറിയാൻ തുടങ്ങിയാൽ പുറമെനിന്നുള്ള ബഹളങ്ങൾക്കിടയിലും ആന്തരികമൗനം പാലിക്കാൻ സാധിക്കും. അവിടെ പരിശുദ്ധാതമാവ് നല്കുന്ന പ്രകാശം അനുഭവമാകുകയും ചെയ്യും.

ശ്ലീഹന്മാരുടെ ജീവിതത്തിലും ആദിമ ക്രൈസ്തവസഭയിലും നിറസാന്നിധ്യമായ പരിശുദ്ധാത്മാവ് ഇന്ന് നമ്മുടെ ജീവിതത്തിലും കുടുംബങ്ങളിലും സമൂഹത്തിലും പ്രവർത്തനക്ഷമമാണ്. അത് തിരിച്ചറിയാനും അതിനോടു പ്രത്യുത്തരിക്കാനും നമുക്ക് സാധിക്കട്ടെ. മനുഷ്യന്റെ ബുദ്ധിയും കണക്കുകൂട്ടലുകളും പ്ലാനുകളും തീരുമാനങ്ങളിൽ കൊണ്ടുചെന്നെത്തിക്കുന്നതിനു മുൻപ് പരിശുദ്ധാത്മാവിനോടു ആലോചന ചോദിക്കുന്ന ശീലം പരിശീലിക്കാൻ ഈ ബൈബിൾവാര വചനചിന്തകൾ നമ്മെ സഹായിക്കട്ടെ.

**+ ബിഷപ്പ് ബോസ്കോ പുത്തൂർ**